കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലൂർ ഗ്രാമപഞ്ചായത്ത്

## 2018-2019

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.8)-1304/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ-0487 2331249
തീയതി:18.12.2020
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :മേലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-14, 3-1 എന്നീ ഖണ്ഡികകളിലേയ്ക്കു പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:-</u>

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ്.ആർ(പി.8)-1304/2020 തിയ്യതി: 18.12.2020

# തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31/03/2018 മുതൽ നാളിതുവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9-11-2020 മുതൽ 24-11-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ.സലീഷ്.എം.ജി. | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി.സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി.ധന്യാ ദിലീപ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി.പി.ബാബു | 1-4-2018മുതൽ |

| | | | |
|---|---|---|---|
| | | | വരെ 31-3-2019 വരെ |
| സെക്രട്ടറി | : | ശ്രീമതി.ലേഖ.വി | 1-4-2018മുതൽ 16-4-2018 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | : | ശ്രീ.അനൂപ്.സി.എൻ | 16-4-2018 മുതൽ 20-6-2018 വരെ |
| സെക്രട്ടറി | : | ശ്രീ.പി.എസ്.ഫ്രാൻസിസ് | 21-6-2018മുതൽ 31-3-2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | : | ശ്രീമതി.ധന്യ.വി | 01-04-2018 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | : | ശ്രീമതി.ത്രേസ്യാ.സി.സി | 01-04-2018 മുതൽ 30-06-2018വരെ |
| | : | ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ് | 01-07-2018മുതൽ 31-07-2018 വരെ |
| | : | ശ്രീമതി.സുന.യു.എം | 1-8-2018മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി | : | ശ്രീമതി.രജനി ശ്രീധർ | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | : | ശ്രീ.അഭിലാഷ്.പി.എസ് | 01-04-2018 മുതൽ 30-11-2018 വരെ |
| | : | ഡോ.സുനിൽകുമാർ അരവിന്ദ് | 01.12.18 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.19 വരെ |
| വി ഇ ഒ(കുന്നപ്പിള്ളി) | : | ശ്രീമതി.ശാന്തികൃഷ്ണ. കെ.ആർ | 1-4-2018 മുതൽ 31-3-2019വരെ |
| വി ഇ ഒ(മേലൂർ) | : | ശ്രീമതി.ജയ. എ.വി | 1-4-2018 മുതൽ 31-3-2019വരെ |
| അസി.സെക്രട്ടറി | : | ശ്രീ.അനൂപ് .സി.എൻ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | : | ശ്രീമതി.ലീന.പി.ജോസഫ് | 1-4-2018 മുതൽ 31-3-2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | ശ്രീ.സെബിൻ.പി.എഫ് | 1-4-2018 മുതൽ 29-7-2018 വരെ |
| | : | ശ്രീ.നവീൻ. എസ് | 30-7-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി | 1-12 |
| 13 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 1-14 |

| | | |
|---|---|---|
| 15 | വാടകയുമായി ബന്ധപ്പെട്ട അപാകതകൾ | 1-15 |
| 16 | ബിൽഡിങ്ങ് പെർമ്മിറ്റ് -കാലാവധി കഴിഞ്ഞ പെർമ്മിറ്റിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-16 |
| 17 | പെർമ്മിറ്റ് ഇല്ലാതെ കെട്ടിടം നിർമ്മിച്ചത് -നാളിതുവരെ റഗുലറൈസ് ചെയ്തിട്ടില്ല. | 1-17 |
| 18 | ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 19 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-19 |
| 20 | ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ , വർദ്ധനവിനാനുപാതികമായി , പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-20 |
| 21 | വിവിധ സ്രോതസ്സിൽ നിന്നും ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-21 |
| 22 | സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കളുടെ വിഹിതത്തിൽ അവശേഷിക്കുന്ന തുക തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. | 1-23 |
| 24 | ഭിന്ന ശേഷിക്കാർക്ക് ഉപകരണം -വിതരണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 25 | ഭിന്ന ശേഷിക്കാർക്ക് ഉപകരണ വിതരണം അപാകതകൾ | 1-25 |
| 26 | ജാഗ്രതാ സമിതി വുമൺ ഫെസിലിറ്റേറ്റർ ഹോണറേറിയം -മോണിറ്ററിങ്ങ് റിപ്പോർട്ടിന്റെ അഭാവത്തിൽ തുക നൽകി. | 1-26 |
| 27 | പകൽ വീട് തുടർ പ്രവർത്തനം (സ്പിൽ ഓവർ) -സ്റ്റോക്ക് രജിസ്റ്റർ,അറ്റൻഡൻസ് എന്നിവ ഹാജരാക്കിയിട്ടില്ല. | 1-27 |
| 28 | വയോജനങ്ങൾക്ക് ഉപകരണം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-28 |

| | | |
|---|---|---|
| 29 | അങ്കണവാടി പോഷകാഹാരം -ചെലവ് രേഖകൾ പൂർണ്ണമല്ല. | 1-29 |
| 30 | റോഡ് കോൺക്രീറ്റിംഗ്-ഫോം വർക്കിന്റെ തുക അനുവദിച്ചത്-3452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചു-5728 രൂപ നിരാകരിക്കുന്നു. | 1-31 |
| 32 | ടെണ്ടർ സ്വീകരിച്ച് കരാറിലേർപ്പെട്ട ശേഷം പ്രവൃത്തി മാറ്റി. | 1-32 |
| 33 | കരാറുകാർക്ക് നല്കാനുള്ള തുക- ബാലൻസ്ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയില്ല. | 1-33 |
| | ഭാഗം - 3 | |
| 34 | കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ കോൺട്രാക്ടറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചു-5728 രൂപ നിരാകരിക്കുന്നു. | 3-1 |
| | ഭാഗം-4 | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 47 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

31-3-2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു, ആയത് പ്രകാരം വരവ് 20,83,90,000 രൂപയും ചെലവ് 23,94,93,443 രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12.02.19 തീയതിയിലെ 4(1) തീരുമാന പ്രകാരം

അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം വരവ് 15,50,15,416 രൂപയും ചെലവ് 15,27,35,551 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 21-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28426626 |
| വരവ് | 72128748 |
| ആകെ | 100555374 |
| ചെലവ് | 67896262 |
| നീക്കിയിരിപ്പ് | 32659112 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 16822000 | 16822000 | 14808001 | 2013999 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 5103000 | 5103000 | 3612291 | 1490709 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 64000 | 64000 | 0 | 64000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 7653000 | 7653000 | 7225535 | 427465 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3484000 | 3484000 | 2324863 | 1159137 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 9776593 | 9776593 | 6326986 | 3449607 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 88642019 | 110 | 50375949 | 59 | 15 | 59.78 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 59910 | 372710 | 432620 | 367957 | 64663 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 14807140 | 14807140 | 14807140 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41400 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 5681100 | 452 |
| വിധവാപെൻഷൻ | 15650500 | 1266 |
| വാർദ്ധക്യകാലപെൻഷൻ | 25250700 | 2014 |
| വികലാംഗപെൻഷൻ | 3242100 | 252 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1685000 | 136 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/11/2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43573/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പദ്ധതി ഫയലുകളിൽ ഒന്നും തന്നെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് കാണുന്നില്ല. പഞ്ചായത്തിലെ രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിലും, ഓഡിറ്റിന് ഹാജരാക്കുന്നതിലും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടാകുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | | | |
|---|---|---|---|
| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 23-6-2019 | 2019 മാർച്ച് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-10-2011 | 2008-09 മുതൽ 2010-11 വരെ | 28-3-2012 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്)

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ അല്ല ആസ്തി രജിസ്ററർ തയ്യാറാക്കിയിരിക്കുന്നത്.

3.വാർഷികകണക്കിനൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4232486/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19ൽ "Net cash used up by operating +Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 681968രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

4.ബിൽഡിങ്ങ് പെർമ്മിറ്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കിയിട്ടില്ല.

5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9 ൽ Liability in respect of stale cheque എന്ന ഹെഡ്ഡിൽ 13397/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് റീ കൺസിലിയേഷൻ പരിശോധിച്ചതിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് മേലൂർ അക്കൗണ്ടിൽ താഴെ പറയുന്ന ചെക്കുകൾ മാത്രമാണ് cheque issued but not presented into bank ആയി റീ കൺസിലിയേഷനിൽ ഉള്ളത്.

എ)ചെക്ക് നമ്പർ-66041/27.4.18-1250/

ബി)ചെക്ക് നമ്പർ-66041/ 27.4.18-2800/-

സി)ചെക്ക്നമ്പർ-66042-/ 27.4.18-2800/-

6.SBT ചാലക്കുടി ബ്രാഞ്ചിന്റെ കറന്റ് അക്കൗണ്ടിന്റെ 31.03.2019-ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ cheque deposited but not collected ആയി കാണിച്ചിരിക്കുന്ന 30.6.2018 ലെ 1701 രൂപ, Directly debited by bank ആയി കാണിച്ചിരിക്കുന്ന 1.7.17 ലെ 16200/-രൂപ, 1.7.17 ലെ 4349/-രൂപ, 7.4.18 ലെ 1705 രൂപ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7.ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.7/18 ന ശേഷമുള്ള പലിശ ഇൻവസ്റ്റ്മെന്റ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.ഇലക്ട്രിസിറ്റി സ്റ്റോക്ക് രജിസ്ററർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണോഎന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9.ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിൽ അഡ്വാൻസ് (2019-20) രേഖപ്പെടുത്തിയിട്ടില്ല.

10. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും

വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 10.1തൻവർഷം

### 10.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2626243 | 2589707 | 46102 | 1436 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2625624 | 2591074 | 0 | 957 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (1005/105X100)=957 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

### 10.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2705178 | 2667379 | 21448 | 21307 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2706472 | 2663389 | 0 | 21309 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (22375/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 10.2കുടിശ്ശിക

### 10.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 150640 | 151394 | 3411 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 114458 | 151032 | 2939 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | ബി-15)<br>(60974+59207=120181/105*100) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | (3086/105X100)=2939.) |

10.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 122298 | 82486 | 42591 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 141584 | 74403 | 42607 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(42749+105914= 148663/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(44737/105X100)=<br>42607<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>10.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 133888 | 7895 | 141783 | 131678 | 7725 | 139403 | 2536 | | 72 | 178 | 204 (actual-250) |
| | നോൺ-റെസിഡൻഷ്യൽ | 136754 | 6229 | 142983 | 133957 | 4148 | 138105 | 1124 | | 1068 | 2146 | 3075 (actual-3214) |
| | ആകെ | | | 284766 | | | 277508 | 3660 | | 3279 (actual-3464) | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 279686 | | | 277311 | | | | | 3415 | | |
| | | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt . Cess/levies...... ലെഡ്ജർ 2018-19)<br>(13082+257098+5737+3769)=279686 | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

10.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:10.1.1, 10.1.2, 10.2.1,.10.2.2, 10.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

10.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.19ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയും ചേർത്തിരിക്കുന്നതും

"സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ തുക ചേർത്തതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 13510 | 46102 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 4149 | 21448 |

10.6 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിൽ 1057 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 5/12/2018 ലും 31/03/2019 ലും രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

10.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 277311/- രൂപയും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 277508/- രൂപയുമാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 252611രൂപയാണ്. (വൗച്ചർ 41800332 തീ 31/3/2019 ( 118723+133938=252611)) (പട്ടിക 2.3 കാണുക )

<u>മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.</u>

11. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത്

രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | ഡിമാന്റ് കുറവ് ചെയ്ത തുക | ഡിമാന്റ് കൂട്ടിയ തുക |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 5/12/18 ൽ വൗച്ചർ 41800154 ആയി ഒറ്റ എൻട്രിയായി ചേർത്തു-588036/-രൂപ | | |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

12.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000 - Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 40840 |
| 280100104-Prior period income-Property tax on non residential buildings | 16831 |
| 280200401-Prior period income-Other income | (40200) |
| 280800101-Prior period-Establishment expenses | (3333.00) |
| 280800501-Prior period- Programme expenses | 50000.00 |

13.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

സ്ഥാപനമേധാവികൾ സമർപ്പിച്ച ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലഭ്യമായ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | ബി.ആർ.ഡി.മോട്ടോഴ്സ് ലിമിറ്റഡ്, മുരിങ്ങൂർ | ഉണ്ണികൃഷ്ണൻ | II | 66456 | 600 | 450 | 150 |
| 2 | സാബ് മില്ലർ ഇന്ത്യ യൂണിറ്റ് മലബാർ ബ്രൂവറീസ്, പൂലാനി | പ്രദീപൻ.കെ.ആർ | II | 131588 | 1250 | 1000 | 250 |
| 3 | നിർമല കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, മേലൂർ | ദേവരാജ് | I | 62350 | 600 | 450 | 150 |
| 4 | നിർമല കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, മേലൂർ | ആനി സെബാസ്റ്റ്യൻ | II | 131000 | 1250 | 1000 | 250 |
| 5 | നിർമല കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, മേലൂർ | സിമി ഡോജി | I | 125250 | 1250 | 1000 | 250 |
| 6 | നിർമല കോളേജ് ഓഫ് എഞ്ചിനീയറിങ്ങ്, മേലൂർ | റെമി. സി.ജെ | I | 126600 | 1250 | 1000 | 250 |
| | ആകെ | | | | | | 1300 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ .6/18.11.2020) ലഭിച്ച മറുപടി തൃപ്തികരമല്ല. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-13 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2018-19 സാമ്പത്തിക വർഷത്തിൽ രസഗുരുകുൽ ആന്റ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ്, രസഗുരുകുൽ പൂലാനി എന്നീ സ്ഥാപനങ്ങൾക്ക് 26/04/2018 തീയതിയിൽ ലൈസൻസ് നമ്പർ : എ4-2715-2234/2018-19-340, ലൈസൻസ് നമ്പർ : എ4-2715-2235/2018-19-341, എന്നിവ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരിക്കുന്ന ലൈസൻസ് ഫീ 5000/- രൂപ വീതമാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനം 2,43,24,880/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽ സേവന മേഖലയിൽപ്പെടുന്നവയാണ്. രണ്ടുകോടി രൂപയിൽ കൂടുതലും അഞ്ച് കോടി രൂപയിൽ കവിയാത്തതും ആയ മൂലധനനിക്ഷേപമുള്ള മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽ സേവന

മേഖലയിൽപ്പെടുന്ന സ്ഥാപനങ്ങളിൽനിന്നും ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 10000/- രൂപയാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.9, തീയതി .19/11/2020) രസഗുരുകൽ ആന്റ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തെ സ്മോൾ എന്റർപ്രൈസസ് എന്ന വിഭാഗത്തിൽ ഉത്പാദന മേഖലയിൽ (മൂലധന ചെലവ് 1കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും) ഉൾപ്പെടുത്തി നിശ്ചയിക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് ആയ 5000/- രൂപയാണ് ഈടാക്കിയിരിക്കുന്നതെന്ന മറുപടി ലഭിച്ചിട്ടുണ്ട്. രസഗുരുകൽ പൂലാനി എന്ന സ്ഥാപനത്തെക്കുറിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ സേവനമേഖലയിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക കണക്കാക്കേണ്ടതും ആയത് ഈടാക്കേണ്ടതുമാണ്.

# 1-14 ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

വെറ്ററിനറി സർജൻ, മേലൂർ 20/11/2020ൽ ഹാജരാക്കിയ ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 50 കാറ്റിൽ ആന്റ് ബഫല്ലോ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഫാമുകളുടെ ലൈസൻസ് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.14 തീയതി 20/11 /2020) 2018-19 സാമ്പത്തികവർഷത്തിൽ കാറ്റിൽ ആന്റ് ബഫല്ലോ ഫാമുകൾക്കും പിഗ് ഫാമുകൾക്കും ലൈസൻസ് നൽകിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യതയുളവാക്കുന്ന പ്രവൃത്തി ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ചട്ടം 2പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. ചട്ടം 10 അനുവർത്തിക്കേണ്ടതുമാണ്. അഞ്ചിൽ കൂടുതൽ കന്നുകാലികൾ, 20ൽ കൂടുതൽ ആടുകൾ, അഞ്ചിൽ കൂടുതൽ പന്നികൾ, 25 ൽ കൂടുതൽ മുയലുകൾ, 100ൽ കൂടുതൽ കോഴികൾ, എന്നിവയെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്താവുന്നതും ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്.

ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-15 വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

വാടക രജിസ്റ്റർ, ബൈലോ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1)വാടക ഈടാക്കിയപ്പോൾ പിഴപലിശ ഈടാക്കിയിട്ടില്ല.

വാടക അടവാക്കുന്നത് വൈകുന്ന സാഹചര്യങ്ങളിൽ നിയമപ്രകാരം ഈടാക്കേണ്ട പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| കെട്ടിട നമ്പർ, പ്രതിമാസ വാടക | വാടകക്കാരന്റെ പേര് | രസീതി നമ്പർ, തിയ്യതി, തുക | പരാമർശം |
|---|---|---|---|
| XI/50, 6554 | വർഗീസ്.M.K. മേലേടൻ ഹൗസ്. | 118070109302 dt 19.03.2019 13106 | 02/19 ലേയും 03/19 ലേയും വാടക ഈടാക്കിയപ്പോൾ ബാധകമായ പിഴപലിശ ഈടാക്കിയിട്ടില്ല. |
| XI/48, 4369 | രേഖ സത്യൻ പുല്ലോക്കാരൻ ഹൗസ്. | 118070109402 dt 19.03.2019 26214 | 10/18 മുതൽ 03/19 വരെയുള്ള വാടക ഈടാക്കിയപ്പോൾ |

| | | | |
|---|---|---|---|
| | | | ബാധകമായ പിഴപലിശ ഈടാക്കിയിട്ടില്ല. |

പിഴ പലിശ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2)വാടക ഇനത്തിൽ വലിയ തുക കുടിശ്ശിക അവശേഷിക്കുന്നു

വാടക രജിസ്റ്റർ പ്രകാരം താഴെപറയും വിധം വലിയ തുക കുടിശ്ശിക അവശേഷിക്കുന്നു.

| ഡിമാന്റ് | | വരവ് | | കുടിശ്ശിക | |
|---|---|---|---|---|---|
| മുൻവർഷങ്ങളിലെ | തൻവർഷം | മുൻവർഷങ്ങളിലെ | തൻവർഷം | മുൻവർഷങ്ങളിലെ | തൻവർഷം |
| 519428 | 588036 | 17130 | 241866 | 502298 | 346170 |

കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

3)വാടക ഡി.സി.ബി യിൽ ഓരോ വാടകക്കാരുടെയും ഡി.സി.ബി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മൊത്തം കുടിശ്ശിക എപ്രകാരം കണക്കാക്കി എന്ന് വ്യക്തമല്ല. ഡി.സി.ബി പത്രിക കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്

4)06/17 ൽ വാടകക്കാർ ഒഴിഞ്ഞ XI/46,XI/56 എന്നീ മുറികൾ 2018-19 ൽ ഉൾപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 07/18.11.2020)

# 1-16 ബിൽഡിങ്ങ് പെർമ്മിറ്റ് -കാലാവധി കഴിഞ്ഞ പെർമ്മിറ്റിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നമ്പർ-എ1-3062/18

സജീവ് വട്ടോലി, നിർമ്മല എഡ്യുക്കേഷൻ ട്രസ്റ്റ്, കുന്നപ്പിള്ളി, എന്ന വ്യക്തിയുടെ പേരിലുള്ള നിർമ്മല എഡ്യുക്കേഷൻ ട്രസ്റ്റ് എംബിഎ കോളേജിന്റെ ഭാഗികമായി പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ റഗുലറൈസേഷനും നമ്പറിങ്ങിനുമായാണ് അപേക്ഷ സമർപ്പിച്ചത്. ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഫയൽ നമ്പർ-എ3-6085/2009/17.2.2010ൽ പെർമ്മിറ്റ് എടുത്തിരുന്നു. എന്നാൽ പെർമ്മിറ്റിന്റെ കാലാവധിക്കു ശേഷം പെർമ്മിറ്റ് പുതുക്കിയിരുന്നില്ല. ചീഫ് ടൗൺ പ്ലാനറുടെ അനുമതി നിർമ്മാണത്തിനായി നേടിയിരുന്നതായി ഫയലിലെ കത്തിൽ ഉണ്ടെങ്കിലും അനുമതി ലഭിച്ച പ്ലാൻ ഫയലിൽ ഇല്ല. 31698.39 $m^2$നാണ് അനുമതി എടുത്തിരുന്നത്. റഗുലറൈസേഷനായി സമർപ്പിച്ച ഫയലിൽ താഴെ പറയുന്ന അപാകങ്ങൾ ഉള്ളതിനാൽ അവ പരിഹരിക്കുന്നതിനായി കെട്ടിട ഉടമക്ക് 24.9.2018 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്.

1. ഒറിജിനൽ ആധാരം ഹാജരാക്കിയിട്ടില്ല. Sale deed ആണ് ഹാജരാക്കിയിട്ടുള്ളത്.

2.ഫയർ ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3.ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ ഇല്ല.

4.20000 $m^2$ന് മുകളിൽ വരുന്ന കെട്ടിടമായതിനാൽ സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

മേൽക്കാരണങ്ങൾ ചൂണ്ടിക്കാട്ടി കത്ത് നൽകിയതിന് നാളിതുവരെ രേഖകൾ ഹാജരാക്കി കെട്ടിടം റഗുലറൈസ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാത്ത പക്ഷം കെട്ടിടം അനധികൃത കെട്ടിടമായി കണക്കാക്കി കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-15/20.11.2020)

# 1-17 പെർമ്മിറ്റ് ഇല്ലാതെ കെട്ടിടം നിർമ്മിച്ചത് -നാളിതുവരെ റഗുലറൈസ് ചെയ്തിട്ടില്ല.

ഫയൽ നമ്പർ – എ1-3588/18

സി.മദർ സുപ്പീരിയർ

മേരിമാത പ്രൊവിൻഷ്യൽ

മേലൂർ

കാലടി

മേൽ വ്യക്തിയുടെ പേരിൽ പൂർത്തീകരിച്ച കെട്ടിടത്തിന്റെ റഗുലറൈസേഷനായി അപേക്ഷ സമർപ്പിക്കുകയും 22.9.2018 ൽ താഴെ പറയുന്ന അപാകങ്ങൾ ചൂണ്ടിക്കാട്ടി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

1.സി ഗണത്തിൽ ഉൾപ്പെടുത്തി ഡ്രോയിങ്ങ് സമർപ്പിക്കണം.

2.നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ വിസ്തീർണ്ണം 1000$m^2$ ന് മുകളിൽ ഉള്ളതിനാൽ KPBR 2011 ചട്ടം 56(3) പ്രകാരം ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കണം.

3.KPBR 2011 ചട്ടം 56 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അപ്രൂവൽ വാങ്ങണ്ടതാണ്.

എന്നാൽ നാളിതുവരെ രേഖകൾ ഹാജരാക്കി കെട്ടിടം റഗുലറൈസ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ .10, തീയതി .19/ 11/ 2020)

# 1-19 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ തുകയുടെ പരമാവധി 1% കളക്ഷൻ ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നമ്പർ.10/ 19-11-2020).

# 1-20 ശമ്പളപരിഷ്കരണ കുടിശ്ശിക ക്രമീകരിച്ചപ്പോൾ വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ശമ്പളപരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു ജീവനക്കാർക്ക് പണമായി താഴെപ്പറയും വിധം അനുവദിച്ചപ്പോൾ ശമ്പളവർദ്ധനവിനാനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | തുക | റിമാർക്സ് |
| --- | --- | --- |
| 21800556/10.10.2018 | 174751 രൂപ | ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക നാലാം ഗഡു |
| 21800662/15.11.2018 | 20436 രൂപ | മുൻ സെക്രട്ടറി ശ്രീമതി വി.കെ.ഗിരിജയുടെ ശമ്പളപരിഷ്കരണ |

| | | |
|---|---|---|
| | | കുടിശ്ശിക നാലാം ഗഡു |

വർദ്ധനവിനാനുപാതികമായ പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്.

# 1-21 വിവിധ സ്രോതസ്സിൽ നിന്നും ലഭിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

2018-19 ലെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവർത്തികളുടെ നടത്തിപ്പിനായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഫണ്ട് | 31.3.2019 ലെ ബാലൻസ് | 2.11.2020ലെ ബാലൻസ് |
|---|---|---|---|
| 320100119 | WGDP | 5399 | 5399 |
| 320100199 | ICDS ബേബി ഫ്രണ്ട് ലി ടോയ്ലറ്റ് നിർമ്മാണത്തിന് ലഭിച്ചത്. | 12000 | 12000 |
| 320200201 | ജൈവ കർഷക മണ്ഡലം അവാർഡ് | 200000 | 200000 |
| 320300103 | Total Sanitation | 25000 | 25000 |
| 320200321 | നബാർഡ് സഹായം | 4603 | 4603 |
| 320200322 | ശുചിത്വ മിഷൻ | 1500648 | 1100000 |
| 320300199 | വിമുക്തി | 47920 | 47920 |

മേൽ തുകകളിൽ WGDPഒഴികെ ഉള്ളവ തനത് ഫണ്ട് അക്കൗണ്ടിലും WGDP പ്രത്യേക അക്കൗണ്ടിലുമാണ് സൂക്ഷിച്ചിരിക്കുന്നത്.

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അവ ഏതാവശ്യത്തിനാണോ ലഭ്യമായത് പ്രസ്തുത ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

# 1-22 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതി നം | പദ്ധതിയുടെ പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നം/ തിയതി |
|---|---|---|---|---|
| 46/19 | ഉറവ്-ബ്ലോക്ക് തല നീർത്തട സമഗ്ര മാസ്റ്റർ പ്ലാൻ | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് | 200000/ | 14/18-19,തിയതി.30-8-2018 |
| 48/19 | സുശാന്തം-വയോജനക്ഷേമകേന്ദ്രം പ്രവർത്തന വിഹിതം | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 50000/ | 5/18-19,തിയതി.11-6-2018 |
| 49/19 | വിജ്ഞാൻ സാഗർ വിഹിതം നൽകൽ | “””” | 100000/ | 4/18-19,തിയതി.11-6-2018 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-23 കന്നുകുട്ടി പരിപാലന പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കളുടെ വിഹിതത്തിൽ അവശേഷിക്കുന്ന തുക തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

പദ്ധതി നമ്പർ:33/19

ബിൽ നമ്പർ:KVP03/18-19

തിയ്യതി:18-02-2019

തുക: 312500

കന്നുകുട്ടി പരിപാലന പദ്ധതിയിൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും മേൽ സൂചിപ്പിച്ച വിധം തുക നൽകിയിട്ടുണ്ട്.

കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ ക്രമനമ്പർ 4,11,16,21,40,43,45,49 ആയിട്ടുള്ള ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് തുടരുന്നില്ല എന്ന് കാണുന്നു. ഇതിനുള്ള കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ തുടരാൻ കഴിയാത്ത ഗുണഭോക്താക്കൾക്കായി നൽകിയതിൽ എസ്.എൽ.ബി.പിയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-24 ഭിന്ന ശേഷിക്കാർക്ക് ഉപകരണം -വിതരണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-61/19

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 25/11.3.2019 | 490550 |
| 11/21.11.2018 | 9450 |
| ചെക്ക് നം.0610789/14.3.2019 | 168894(ബ്ളോക്ക് വിഹിതം) |
| ചെക്ക് നം.0610792/23.3.2019 | 7103 |

ആകെ 675997/-രൂപ (ഉപകരണങ്ങൾക്ക് 659444 രൂപയും ക്യാമ്പിനായി 16533 രൂപയും ചെലവഴിച്ചു).

മേൽ പദ്ധതിയിൽ വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം നടത്തുന്നതിനായി വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ –166/22.1.2019 പ്രകാരം 659444 രൂപയുടെ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഉപകരണങ്ങൾ വിതരണം നടത്താത്തതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം |
|---|---|---|
| വീൽ ചെയർ | 4 | 3 |
| എൽബോ ക്രച്ചസ് | 11 | 9 |

| | | |
|---|---|---|
| ഡീലക്സ് | | |
| തെറാപ്പി മാറ്റ് | 8 | 7 |
| ഹിയറിങ്ങ് എയ്ഡ് | 7 | 16 |
| ഓക്സില്ലറി ക്രച്ചസ് ഡീലക്സ് | 4 | 2 |
| നീ ക്യാപ്പ് | 4 | 2 |

രജിസ്റ്ററിൽ എത്ര എണ്ണം ഉപകരണങ്ങൾ ഓരോരുത്തർക്കും വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്ത സാധനത്തിന്റെ പേര്, കൈപ്പറ്റിയ വ്യക്തിയുടെ പേര്, ഒപ്പ് എന്നിവയാണ് രജിസ്റ്ററിൽ ഉള്ളത്. വിതരണത്തിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നമ്പർ-4/17.11.2020)

താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിൽ അധികം വിതരണം ചെയ്തതായി (രജിസ്റ്റർ പ്രകാരം) കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം |
|---|---|---|
| കമ്മോഡ് ചെയർ വിത്ത് വീൽ | 5 | 6 |
| ഫോൾഡിങ്ങ് വാക്കർ ഡീലക്സ് | 5 | 6 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-25 ഭിന്ന ശേഷിക്കാർക്ക് ഉപകരണ വിതരണം അപാകതകൾ

എ) വൈകല്യം തെളിയിക്കുന്ന രേഖകൾ ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-61/19

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 25/11.3.2019 | 490550 |
| 11/21.11.2018 | 9450 |
| ചെക്ക് നം.0610789/14.3.2019 | 168894 (ബ്ലോക്ക് വിഹിതം) |
| ചെക്ക് നം.0610792/23.3.2019 | 7103 |

മേൽ പദ്ധതിയിൽ വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം നടത്തുന്നതിനായി വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ-166/22.1.2019 പ്രകാരം 659444 രൂപയുടെ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/തസ്വഭവ തീയതി.14.2.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖ.7.1.3 പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം ലഭിക്കാൻ ഏറ്റവും കുറഞ്ഞത് 40 ശതമാനം വൈകല്യം വേണം. ഖ.7.1.3(3) ൽ 40 ശതമാനം വൈകല്യം ഉള്ളവരേയും സാമൂഹ്യ സുരക്ഷ മിഷൻ നൽകുന്ന വൈകല്യം വ്യക്തമാക്കുന്ന കാർഡ് ലഭിക്കാത്ത അർഹരായവർ ഉണ്ടെങ്കിൽ അവരേയുമാണ് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്.

ഫയൽ പരിശോധിച്ചതിൽ ഉപകരണങ്ങൾ നൽകിയ താഴെ പറയുന്ന വ്യക്തികളുടെ വൈകല്യം തെളിയിക്കുന്ന രേഖ ഫയലിൽ ഇല്ല.

| ഗുണഭോക്താവിന്റെ പേര് | ഡോക്ടർ ശുപാർശ ചെയ്ത ഉപകരണം. |
|---|---|
| റോസി വെളിയൻ കെ.കുന്ന്, | ഹിയറിങ്ങ് എയ്ഡ് |

| | |
|---|---|
| മേലൂർ | |
| ശാരദ നാരായണൻ, ഞാറ്റുവെട്ടി, മുരിങ്ങൂർ | ഹിയറിങ്ങ് എയ്ഡ് |
| നാരായണൻ.കെ.കെ, കൈതക്കാടൻ, കുന്നപ്പിള്ളി | ഹിയറിങ്ങ് എയ്ഡ് |
| തോമസ്.കെ.എം,കച്ചിറക്കൽ, കുന്നപ്പിള്ളി | നീ ക്യാപ്പ് |
| കുഞ്ഞികണ്ടൻ .കെ.ആർ, കാലടി വീട്, മേലൂർ | വാക്കർ വിത്ത് വീൽ ആന്റ് കമ്മോഡ് ചെയർ |
| കുരിയാക്കോസ്, മാളിയേക്കൽ, മണ്ടിക്കുന്ന് | വാക്കർ വിത്ത് വീൽ ആന്റ്, എൽബോ ക്രച്ചസ് |
| വേലായുധൻ, പയ്യംപറമ്പിൽ, പാലപ്പിള്ളി | ഓക്സില്ലറി ക്രച്ചസ് B/L |

ബി. ഉപകരണം ലഭിച്ച വ്യക്തിക്ക് വീണ്ടും നൽകി.

ഇമ്മാനുവൽ ടെൻസൻ എന്ന വ്യക്തിയുടെ അപേക്ഷയിൽ (പുതുശ്ശേരി ഹൗസ്, പൂലാനി ) BRC യിൽ നിന്നും വീൽചെയർ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വർഷം രേഖപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖ.7.1.3.(5) ൽ ഉപകരണം ഉള്ളവർക്ക് അതേ ഉപകരണങ്ങൾ വീണ്ടും നൽകാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി വ്യക്തിക്ക് വീൽ ചെയർ, തെറാപ്പി മാറ്റ് എന്നിവയാണ് നൽകിയിട്ടുള്ളത് .

മേൽ അപാകതകൾക്ക് ഉള്ള മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-3/17.11.2020)

# 1-26 ജാഗ്രതാ സമിതി - വുമൺ ഫെസിലിറ്റേറ്റർ ഹോണറേറിയം -മോണിറ്ററിങ്ങ് റിപ്പോർട്ടിന്റെ അഭാവത്തിൽ തുക നൽകി.

പദ്ധതി നമ്പർ-11/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 6 /6.9.2018 | 15000 |
| 7/22.10.2018 | ,, |
| 10/22.10.2018 | ,, |
| 13/21.11.2018 | ,, |
| 18/29.12.2018 | ,, |
| 20/10.2.2019 | ,, |
| 31/21.2.2019 | ,, |
| 32/18.3.2019 | ,, |
| 38/28.3.2019 | ,, |

പഞ്ചായത്ത് കമ്മിറ്റിയുടെ 26.6.2018 ലെ 26(1) തീരുമാനം പ്രകാരംവുമൺ ഫെസിലിറ്റേറ്റർ ആയി അനു.പി.എ, പനപറമ്പിൽ, സുവർണ്ണ സെന്റർ, വെസ്റ്റ് ചാലക്കുടി എന്ന വ്യക്തിയെ നിയമിക്കുകയും 9 മാസത്തേക്ക് 15000/-രു നിരക്കിൽ ഹോണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ പ്രസ്തുത വ്യക്തിയുടെ പ്രവർത്തനം വിലയിരുത്തുകയോ ടി വ്യക്തി തന്റെ പ്രവർത്തന റിപ്പോർട്ട് നൽകുകയോ ചെയ്തതായി കാണുന്നില്ല. ജാഗ്രത സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2018-19ൽ 4 തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത യോഗങ്ങളിൽ ഒന്നും വുമൺ ഫെസിലിറ്റേറ്ററുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല.

# 1-27 പകൽ വീട് തുടർ പ്രവർത്തനം (സ്പിൽ ഓവർ) -സ്റ്റോക്ക് രജിസ്റ്റർ,അറ്റൻഡൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ-140/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 14/21.11.2018 | 18551 |
| 15/29.12.2018 | 26175 |
| 19/10.1.2019 | 5327 |
| 21/6.2.2019 | 19406 |
| 29/21.2.2019 | 15207 |
| 33/18.3.2019 | 25545 |
| 37/27.3.2019 | 32476 |
| ആകെ | 142687/-(9409/-രൂ തിരിച്ചടച്ചു.) |

പകൽ വീടിലേക്ക് ഭക്ഷണ സാധനങ്ങൾ പാകം ചെയ്ത് നൽകുന്നതിന് സപ്ലൈകോയിൽ നിന്ന് അരി, പലവ്യഞ്ജനങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനും, പകൽ വീട് കെയർ ടേക്കർക്ക് ഹോണറേറിയം നൽകുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. ഐസിഡിഎസ് സൂപ്പർവൈസർ സാധനങ്ങൾ വാങ്ങിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയുടെ ഇഷ്യൂ രേഖപ്പെടുത്തിയിട്ടില്ല.

സാധനങ്ങൾ കെയർടേക്കർ സ്റ്റോക്കിലെടുത്ത രജിസ്റ്റർ, ഗുണഭോക്താക്കളുടേയും കെയർടേക്കറുടേയും അറ്റൻഡൻസ്, പകൽ വീടിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 133278 /-രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 വയോജനങ്ങൾക്ക് ഉപകരണം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ – 56/19

നിർവ്വഹണ ഉദ്യോഗസ്ഥ – ഐസിഡിഎസ് സൂപ്പർവൈസർ

വൗച്ചർ നമ്പർ-21801205/23.3.2019-99489/-
ചെക്ക് നമ്പർ-0610792/23.3.2019-99489/-
വയോജനങ്ങൾക്ക് ഉപകരണം എന്ന പദ്ധതി പ്രകാരം വയോജനങ്ങൾക്ക് താഴെ പറയും പ്രകാരം ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ, അപേക്ഷ എന്നിവ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാങ്ങലുകൾ നിയമ പ്രകാരമാണോ എന്നതും വാങ്ങിയ ഉപകരണങ്ങൾ കൃത്യമായി വിതരണം നടത്തിയിട്ടുണ്ടോ എന്നതും പരിശോധിക്കാനായിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-05/17-11.2020)

| സാധനത്തിന്റെ പേര് | വിതരണം ചെയ്ത എണ്ണം |
|---|---|
| വീൽ ചെയർ | 11 |
| എൽബോ ക്രച്ചസ് | 16 |
| ഹിയറിങ് എയിഡ് | 2 |
| നീ ക്യാപ്പ് | 4 |
| എയർ ബെഡ് | 3 |
| കമ്മോഡ് ചെയർ | 24 |

| | |
|---|---|
| ബെൽറ്റ് | 11 |
| വാക്കർ | 11 |

# 1-29 അങ്കണവാടി പോഷകാഹാരം -ചെലവ് രേഖകൾ പൂർണ്ണമല്ല.

പദ്ധതി നമ്പർ-6/19

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

| ബിൽ /ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 2381814/28.12.2018 | 194895/- |
| 0610787/14.3.2019 | 250000/- |
| 0610788/14.3.2019 | 8888/- |
| 2381840/23.3.2019 | 431365/- |

അങ്കണവാടി പോഷകാഹാരത്തിനായി പിൻ വലിച്ച മേൽ ചേർത്ത പ്രകാരമുള്ള ബില്ലുകൾ /ചെക്കുകൾ എന്നിവയുടെ അനുബന്ധ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 885148/- രൂ തടസ്സപ്പെടുത്തുന്നു.

# 1-30 റോഡ് കോൺക്രീറ്റിംഗ്-ഫോം വർക്കിന്റെ തുക അനുവദിച്ചത്-3452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർത്തിരിക്കുന്ന Road concrete പ്രവൃത്തികളിൽ Delhi Schedule of Rate (DSR) ലെ ഇനം 16.42 അനുസരിച്ചാണ് Cement concreteന്റെ നിരക്ക് എസ്റ്റിമേറ്റിലും ടെണ്ടർ ഷെഡ്യൂളിലും തുടർന്ന് കരാറുകാരനുമായുള്ള എഗ്രിമെന്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഇനത്തിന് ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് ഈ നിരക്ക് പ്രകാരമാണ് തുക നല്കിയിരിക്കുന്നതും. DSR പ്രകാരം ഈ നിരക്ക് റോഡുകളുടെ ഇരുവശവും ഫോം വർക് ചെയ്യുന്നതു് ഉൾപ്പെടെയുള്ള നിരക്കാണ് 16.42 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2പ്രവൃത്തികളുടെ പ്രോജക്റ്റ് ഫയൽ പരിശോധനയിൽ, ആസ്തി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ പ്രോജക്റ്റ് ഖണ്ഡിക 32ൽ റോഡിന്റെ വീതിയും ക്യാരേജ് വേയുടെ വീതിയും ഒന്ന് തന്നെയാണെന്നും അതായത് റോഡ് പൂർണമായും കോൺക്രീറ്റ് ചെയ്തതിനാൽ ഫോം വർക് ചെയ്തിട്ടില്ല/അതിന്റെ ആവശ്യകത ഉണ്ടായിട്ടില്ല എന്നും കാണുകയുണ്ടായി. എന്നാൽ ഈ റോഡുകൾക്കും ഫോം വർക് ഉൾപ്പെടെയുള്ള അടിസ്ഥാന നിരക്ക്, കോസ്റ്റ് ഓഫ് ഇൻഡക്സ് ഉൾപ്പെടെ നൽകുകയുണ്ടായി.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡിന്റെ കോൺക്രീറ്റ് ചെയ്യപ്പെടേണ്ട വീതി കൃത്യമായി കണക്കാക്കേണ്ടിയിരുന്നതും ഫോം വർകിന്റെ തുക എസ്റ്റിമേറ്റിലെ മേൽ ഇനത്തിന്റെ നിരക്കിൽ നിന്ന് കുറവ് ചെയ്ത് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കേണ്ടിയിരുന്നതും ആയത് പ്രകാരം മാത്രം കരാറുകാരനുമായി കരാറിലേർപ്പെടേണ്ടിയിരുന്നതുമാണ്. (കരാറിലെ വ്യവസ്ഥ 4 പ്രകാരം കേരള ഡീറ്റയിൽസ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷന്റെ പ്രസക്തമായ വ്യവസ്ഥകളാണ് ബാധകം, CPWD സ്പെസിഫിക്കേഷനെ കുറിച്ച് പരാമർശമില്ല). ഇപ്രകാരം ചെയ്യാത്തതിനാൽ 3451.55 രൂപയുടെ നഷ്ടം ഉള്ളതായി പ്രാഥമികമായി കണക്കാക്കുന്നു

DSR2016 പ്രകാരം 16.42 നമ്പർ ഇനത്തിന്റെ അടിസ്ഥാന നിരക്ക് കണക്കാക്കിയിരിക്കുന്നത് താഴെ ചേർത്തിരിക്കും പ്രകാരമാണ്.(അവലംബം.Delhi Analysis of Rate (DAR)2016).

16.42 Cement concrete 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 40 mm nominal size) in pavements, laid to required slope and camber in panels as required including consolidation finishing and tamping complete.

| നല്കിയ നിരക്ക് (ഫോം വർക് ഉൾപ്പെടെ) | കരാറുകാരന് നല്കാവുന്ന നിരക്ക് | ഗുണഭോക്തൃ |
|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | (ഫോം വർക് ഒഴിവാക്കി) | സമിതി മുഖേന പ്രവൃത്തി- നല്ലാവുന്ന നിരക്ക് |
| Code | Description | Unit | Quantity | Rate | Amount | Amount | Amount |
| | MATERIAL | | | | | | |
| 0293 | Stone aggregates(Single size) 40 mm-Nominal size | cum | 0.52 | 1250 | 650 | 650 | 650 |
| 0295 | Stone aggregates(Single size) 20 mm-Nominal size | cum | 0.22 | 1300 | 286 | 286 | 286 |
| 0297 | Stone aggregates(Single size) 10 mm-Nominal size | cum | 0.11 | 1300 | 143 | 143 | 143 |
| 2206 | Carriage of Stone aggregate-40 mm-Nominal size | cum | 0.52 | 112.79 | 58.65 | 58.65 | 58.65 |
| 2202 | Carriage of Stone aggregate-below 40 mm-Nominal size | cum | 0.33 | 103.77 | 34.24 | 34.24 | 34.24 |
| 0982 | Coarse sand(Zone III) | cum | 0.445 | 1200 | 534 | 534 | 534 |
| 2203 | Carriage of Coarse sand | cum | 0.445 | 103.77 | 46.18 | 46.18 | 46.18 |
| 0367 | Portland cement(OPC 43 gr) | tonne | 0.32 | 5700 | 1824 | 1824 | 1824 |
| 2209 | Carriage of cement | tonne | 0.32 | 92.24 | 29.52 | 29.52 | 29.52 |
| | LABOUR | | | | | | |
| 0155 | Mason | day | 0.10 | 467 | 46.7 | 46.7 | 46.7 |
| 0114 | Beldar | Day | 1.63 | 368 | 599.84 | 599.84 | 599.84 |
| 0101 | Bhisti | Day | 0.70 | 407 | 284.90 | 284.90 | 284.90 |
| | MACHINERY | | | | | | |
| 0002 | Hire charges of Concrete Mixer 0.25 to | Day | 0.077 | 800 | 61.60 | 61.60 | 61.60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 040 cum with hooper | | | | | | |
| 0012 | Vibrator (Needle type 40mm) | Day | 0.07 | 350 | 24.50 | 24.50 | 24.50 |
| 9999 | Sundries | L.S | 26 | 1.73 | 44.98 | 44.98 | 44.98 |
| | SIDE SHUTTERING | | | | | | |
| | Taking the slab to be 5 cm thick and width to be 6 meter, length of road meter = 9.90/24.30=0.407 sqm | | | | | | |
| 5.9.1 | Rate as per item no.5.9.1 ( centering and shuttering including strutting, propping etc and removal form for; foundations, footings, basis of column, etc for mass concrete)<br><br>SH: Reinforced cement concrete work | sq.m | 0.407 | 193.95 | 78.94 | ----- | ----- |
| 9999 | Sundries | LS | 1.43 | 1.73 | 2.47 | ----- | ----- |
| | TOTAL | | | | 4749.52 | 4668.11 | 4668.11 |
| | ADD 1% watercharge on all except 78.94 =4670.58 | | | | 46.71 | 46.68 | 46.68 |
| | TOTAL | | | | 4796.23 | 4714.79 | 4714.79 |
| | ADD 15% contractors profit and overheads on all except 78.94 =4717.29<br><br>(7.5% for Beneficiary committee) | | | | 707.59 | 707.22 | 353.8 |
| | Cost for 1 cum | | | | 5503.82 | 5422.01 | 5068.59 |
| | Say | | | | 5503.80 | 5422.01 | 5068.59 |

| | Cost index 1.3725 | | | | 7553.97 | 7441.71 | 6956.37 |
|---|---|---|---|---|---|---|---|

പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം. | പ്രോജക്റ്റ് | പ്രോജക്റ്റ് പ്രകാരം റോഡിന്റെ വീതി, ക്യാരേജ് വേയുടെ വീതി | അളവ് പുസ്തകം, പേജ് | ചെയ്ത പ്രവൃത്തി യുടെ അളവ് (cum) | നല്കിയത് | | നല്കാവുന്നത് | | കൂടുതൽ നല്കിയ തുക |
|---|---|---|---|---|---|---|---|---|---|
| | | | | | നിരക്ക് | തുക | നിരക്ക് | തുക | |
| 1. | 192/19<br>2018-19 മേലൂർ ഗ്രാമപഞ്ചായത്ത് -പഞ്ചായത്ത് പാടം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 2.8 | 2/18-19 ,6 | 24.66 $m^3$ | 7553.97/$m^3$ | 186280.90 | 7441.71/$m^3$ | 183512.56 | 2768.33 |
| | | | | | കരാറുകാരൻ- ശ്രീ എം ടി ഡേവിസ്<br>എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ- ശ്രീ.ഫ്രാൻസിസ് വർഗീസ് സി<br>ബിൽ നമ്പർ 13 തീയ്യതി 26/11/2018, തുക 1,89,427 | | | | |
| 2. | 218/19<br>മുള്ളമ്പാറ -കുന്ന് ലിങ്ക് റോഡ് കോൺക്രീറ്റിംഗ്- റീച്ച് 2 | 2.8 | 61/18-19,<br>4 | 6.51 $m^3$ | 7061.32/$m^3$ | 45969.19 | 6956.37 | 45285.97 | 683.22 |
| | | | | | കൺവീനർ- ശ്രീ.ബിജു ജോസ്<br>എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ- ശ്രീമതി സുന യു എം<br>ചെക്ക് നമ്പർ 2381848തീയ്യതി 27/3/2019, തുക 49,900 | | | | |
| ആകെ | | | | | --- | ---- | | | 3451.55 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 17 തീ 20/11/20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഇതിൽ പഞ്ചായത്ത് പാടം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് പഞ്ചായത്തിന് മുമ്പിലുള്ള റോഡ് ആണ്. ഇതിൽ റോഡിന്റെ മുഴവൻ വീതിയും കോൺക്രീറ്റ് ചെയ്തിട്ടില്ല. എന്നാൽ വശങ്ങളിൽ നിലവിലെ റോഡിലേക്ക് ചെരിച്ച് കോൺക്രീറ്റ് ചെയ്തതായാണ് കണ്ടത്. ഫോം വർക് ചെയ്തതായി കാണുന്നില്ല.)
ഈ രണ്ട് റോഡുകളും എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതും ഫോം വർക് നടത്താതെ തുക കൂടുതൽ അനുവദിച്ചിട്ടുണ്ടെങ്കിൽ തുക അതാത് കരാറുകാരിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതുമാണ്. മറുപടി ലഭ്യമാക്കുന്നതുവരെ 3452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ കോൺട്രാക്റ്ററുടെ സ്വന്തം മണ്ണ് ഉപയോഗിച്ചു-5728 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് 174/19 – അംബേദ്കർ റോഡ് ഫോർമേഷൻ
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

| ബിൽ നമ്പർ/ | തീയ്യതി | തുക | കരാറുകാരൻ |
|---|---|---|---|

| | | | |
|---|---|---|---|
| ചെക്ക് നമ്പർ | | | |
| 14 | 13/11/18 | 232000 | ശ്രീ.എം.ടി ഡേവീസ് |
| ചെക്ക് 2381818 | 15/1/2019 | 35773 | |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 2 ആയി 22.50 $m^3$ മണ്ണെടുക്കൽ പ്രവൃത്തിയും ഇനം 6 ആയി 120$^{m3}$ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് നിറക്കൽ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ പ്രകാരം മണ്ണിട്ടുയർത്തുന്ന സ്ഥലത്തിനോട് ചേർന്ന് കരിങ്കൽ കെട്ട് പണിയുന്നതിനാണ് മണ്ണെടുക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത് കുഴിച്ചെടുക്കുന്ന മണ്ണ് മുകളിൽ ഇട്ടാൽ മണ്ണിട്ട് നിറക്കുന്ന ഭാഗത്ത് അത്രയും കുറവ് മണ്ണ് ഉപയോഗിച്ചാൽ മതി. എന്നാൽ കുഴിച്ചെടുത്ത മണ്ണ് ഈ പ്രവൃത്തിയിലെവിടെയെങ്കിലും അല്ലെങ്കിൽ ഇനം 6 ആയ മണ്ണ് നിറക്കൽ പ്രവൃത്തിക്കോ അല്ലെങ്കിൽ വേറെ പ്രവൃത്തിക്കോ ഉപയോഗിച്ചതായി അളവ്പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. മാത്രമല്ല ഇനം 6 ആയി നിർവ്വഹിച്ച മണ്ണ് നിറക്കൽ പ്രവൃത്തി പൂർണമായും കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നിർവ്വഹിച്ചുവെന്നും കാണുന്നു. കുഴിച്ചെടുത്ത 22.50$m^3$ മണ്ണ് ഉപയോഗിച്ചിരുന്നെങ്കിൽ ഇനം 6 ആയുള്ള മണ്ണ് നിറക്കൽ പ്രവൃത്തിക്ക് 97.50 $m^3$(120$m^3$ – 22.50$m^{3)}$ ന് മാത്രം തുക കരാറുകാരന് അനുവദിച്ചാൽ മതിയായിരുന്നു. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാഞ്ഞതിനാൽ പഞ്ചായത്തിന് 5728.50 രൂപ നഷ്ടം ഉള്ളതായി ഓഡിറ്റിൽ കണക്കാക്കുന്നു. കുഴിച്ചെടുക്കുന്ന മണ്ണ് മണ്ണിട്ട് നികത്തലിന് ഉപയോഗിക്കുന്നതിന് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടില്ല. പ്രവൃത്തിക്ക് ശേഷം തുക അനുവദിക്കുന്നതിന് മുമ്പ് കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചത് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. (അളവ് പുസ്തകം,പ്ലാൻ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റ് തെളിവായി സൂക്ഷിച്ചിട്ടുണ്ട് )തുക അനുവദിച്ചത് : ശ്രീമതി സുന യു എം അസിസ്റ്റന്റ് എഞ്ചിനീയർ
വിശദാംശങ്ങൾ താഴെ:

എ)ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ (പ്രസക്തമായ ഇനങ്ങൾ മാത്രം)

| ക്രമ നം. | എസ്റ്റിമേറ്റ് ഇനം നമ്പർ | DSR/KPWD OD ഇനം നമ്പർ | ഇനം | അളവ് പുസ്തകം നമ്പർ, പേജ് | ചെയ്ത അളവ് | നിരക്ക് | നല്കിയ തുക |
|---|---|---|---|---|---|---|---|
| 1. | 2 | 2.8.1 | Earth work in excavation by mechanical means (Hydraulic excavator) / manual means in foundation trenches or drains (not exceeding 1.5 m in width or 10 sqm on plan), including dressing of sides and | 4/18-19 5,11,12 | 22.50 $m^3$ | 228.38/$m^3$ | 5138.55 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ramming of bottoms, lift upto 1.5 m, including getting out the excavated soil and disposal of surplus excavated soil as directed, within a lead of 50<br><br>All kinds of soil. | | | | |
| 2. | 6 | 50.2.26.1 | Filling with contractor own earth (Excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering lead upto 50 m and lift upto 1.5 asper direction of site Engineer in charge | 4/18-19<br>1,2,14 | 120 $m^3$ | 273.47/$m^3$ | 32816.4 |

ബി)കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള മണ്ണിട്ടു നികത്തലിന്റെ വിശദമായ ഡാറ്റ ചുവടെ ചേർക്കുന്നു.

50.2.26.1 Filling with contractor own earth (Excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering lead upto 50 m and lift upto 1.5 asper direction of site Engineer in charge

.

| code | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 0979 | Royalty for Good earth | cum | 1.0 | 30.00 | 30.00 |
| 2241 | Carriage for Good earth | cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.01 | 407.00 | 4.07 |
| 0115 | Coolie | Day | 0.01 | 368.00 | 3.68 |
| 0101 | Bhisti | Day | 0.01 | 407.00 | 4.07 |
| | | | | Total | 171.53 |
| | | Add watercharge @1% | | | 1.72 |
| | | Total | | | 173.25 |
| | | Add CPOH @15% | | | 25.99 |
| | | Cost of 1.0 Cum | | | 199.24 |
| | | Say | | | 199.25 |
| | | Cost index 37.25% | | | 74.22 |
| | | Total with Cost index | | | 273.47 |

മണ്ണിന്റെ റോയൽറ്റി, കൊണ്ടുവരുന്നതിനുള്ള കടത്ത് കൂലി =30+129.71= 159.71

Add watercharge 1% = 1.60

Total = 161.31

CPOH @15 % = 24.19

Total =185.50

Cost index 37.25% = 69.10

Total = 254.60

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് = 22.50 $m^3$

മണ്ണിന്റെ നിരക്ക് കണക്കാക്കിയത് = 254.60/$m^3$

കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നെങ്കിൽ കുറവ് ചെയ്യാമായിരുന്ന തുക = 254.60 x 22.50 = 5728.50
കൂടുതലായി അനുവദിച്ച 5728.50 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17 തീയ്യതി 20/11/20, മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-32 ടെണ്ടർ സ്വീകരിച്ച് കരാറിലേർപ്പെട്ട ശേഷം പ്രവൃത്തി മാറ്റി.

പ്രോജക്റ്റ് 102/17-18

മേലൂർ ഗ്രാമപഞ്ചായത്ത് വിവിധ റോഡുകളുടെ കാന നിർമാണം
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | കരാറുകാരൻ |
|---|---|---|---|
| 15 | 26/12/18 | 661542 | ശ്രീ.ബാബു ആന്റണി |

7.10 ലക്ഷം അടങ്കൽ കണക്കാക്കിയ ഈ പ്രവൃത്തിയിൽ മഴവെള്ളം ഒഴുകിപോകുന്നതിന് കൊമ്പിച്ചാൽ കുറുപ്പം റോഡ് 153 മീറ്ററും പുഷ്പഗിരി കുന്നപ്പിള്ളി റോഡ് 50 മീറ്ററും കോൺക്രീറ്റ് കാന പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും സാങ്കേതികാനുമതി നല്കിയിട്ടുള്ളതും. പ്രോജക്റ്റിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് ഇതനുസരിച്ച് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കുകയും ഇ ടെണ്ടർ മുഖേന കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ ബാബു ആന്റണിയുമായി പ്രവൃത്തി നടത്തുന്നതിന് 8.2.18 ൽ കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ ഭരണസമിതിയുടെ 9/2/18 ലെ 2(4) നമ്പർ തീരുമാനം പ്രകാരം വിവിധ റോഡുകളുടെ ഡ്രൈനേജ് നിർമാണത്തിൽ കോൺക്രീറ്റ് ഡ്രെയിൻ മാറ്റി പകരം വീതി കൂട്ടി ചെയ്യുന്നതിന് സാങ്കേതികാനുമതി തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ ഇരുവശവും ഐറിഷ് കാന നിർമിക്കുന്നതിനും ഗാർഡ് സ്റ്റോൺ നിർമിക്കുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനങ്ങളും റിവൈസ്ഡ് എസ്റ്റിമേറ്റും തമ്മിൽ വ്യത്യാസമില്ലെങ്കിലും ടെണ്ടർ ചെയ്ത പ്രവൃത്തി അല്ല നടപ്പാക്കിയിരിക്കുന്നത്. പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

| എസ്റ്റിമേറ്റ് ഇനം | DSR ഇനം | പ്രവൃത്തിയുടെ വിവരങ്ങൾ | സാങ്കേതികാനുമതി ലഭിച്ച പ്രോജക്ട് | റിവൈസ്ഡ് എസ്റ്റിമേറ്റ് |
|---|---|---|---|---|
| 1 | 2.8.1 | Earth work excavation | 2 റോഡുകളിൽ കാന നിർമാണത്തിന് മണ്ണെടുക്കൽ | ഐറിഷ് ഡ്രെയിന് മണ്ണെടുക്കൽ, Guard stone 25 എണ്ണം സ്ഥാപിക്കുന്നതിന് മണ്ണെടുക്കൽ |
| 2. | 4.1.8 | Cement concrete 1:4:8 | 2 കാനകളുടെ ബേസ് | ഐറിഷ് ഡ്രെയിൻ,<br>25 ഗാർഡ് സ്റ്റോൺ നിർമാണം |
| 3. | 5.9.1 | Centering and shuttering | “” | 25 ഗാർഡ് സ്റ്റോൺ നിർമാണം |
| 4. | 4.1.6 | Cement concrete 1:3:6 | 2 കാനകളുടെ വശങ്ങൾ | ഈ ഇനം ഇല്ല. |
| 5. | 4.1.3 | Cement concrete 1:2:4 | 2 കാനകളുടെ wearing course | ഐറിഷ് ഡ്രെയിൻ |
| 6. | 5.1.3 | Reinforced cement concrete 1:2:4 | 2 കാനകളുടെ സ്ലാബുകൾ | 25 ഗാർഡ് സ്റ്റോൺ നിർമാണം |
| 7. | 5.22.6 | Steel reinforcement | “” | 25 ഗാർഡ് സ്റ്റോൺ നിർമാണം |
| | | | | |

| | | | | |
|---|---|---|---|---|
| 8. | 13.16.1 | 6 mm Cement plastering | കാനകളുടെ വശങ്ങൾ പ്ലാസ്റ്ററിംഗ് | 25 ഗാർഡ് സ്റ്റോൺ പ്ലാസ്റ്ററിംഗ് |
| 9. | 13.46.1 | Painting | ഈ ഇനം ഇല്ല | 25 ഗാർഡ് സ്റ്റോൺ പെയിന്റിംഗ് |

പരാമർശങ്ങൾ

1.പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഐറിഷ് ഡ്രയിൻ, ഗാർഡ് സ്റ്റോൺ സ്ഥാപിക്കൽ എന്നിവ ചെയ്തത് ഏതു റോഡിലാണെന്ന് (പഴയ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡുകളിലാണോ) വ്യക്തമല്ല. പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

2.പുതുക്കിയ എസ്റ്റിമേറ്റിലെ ഇനങ്ങളാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ ചെയ്ത ഇനങ്ങളാണ് ഭൂരിഭാഗവും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെയ്തിരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ ടെണ്ടർ ചെയ്ത പ്രവൃത്തിയല്ല, നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ ചെയ്തത് 2 കോൺക്രീറ്റ് കാനകൾ നിർമിക്കാനാണ്. എന്നാൽ 3 പേർ സമർപ്പിച്ച ടെണ്ടറിൽ നിന്നും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ തെരെഞ്ഞെടുത്ത്, കരാർ വെച്ച് തൊട്ടടുത്ത ദിവസം ടെണ്ടറിൽ പരാമർശിച്ച പ്രവൃത്തി, ഐറിഷ് കാന നിർമാണവും ഗാർഡ് സ്റ്റോൺ നിർമാണവും ആക്കി മാറ്റിയത് ടെണ്ടറിൽ പരാമർശിച്ച പ്രവൃത്തിയുടെ സ്വഭാവം, സ്ഥലം എന്നിവ കണക്കിലെടുത്ത് ടെണ്ടർ തുക ക്വാട്ട് ചെയ്ത് ടെണ്ടറിൽ പങ്കെടുത്ത കരാറുകാരോടുള്ള സ്വാഭാവിക നീതി നിഷേധമാണ്. മറ്റ് 2 കരാറുകാരും എസ്റ്റിമേറ്റ് നിരക്കിൽ കുറവ് തന്നെയാണ് ക്വാട്ട് ചെയ്തത് എന്നത് ഇവിടെ പ്രസക്തമാണ്.

3.പ്രവൃത്തിക്ക് ഭരണാനുമതി നല്കുമ്പോഴും പ്രോജക്ട് തയ്യാറാക്കുമ്പോഴും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും സാങ്കേതികാനുമതി നല്കുമ്പോഴും യഥാർത്ഥ ആവശ്യം പരിഗണിക്കാതെയാണെന്നുള്ളതുകൊണ്ടാണ് പ്രോജക്ടിന്റെ നിർവ്വഹണ വേളയിൽ ടെണ്ടർ ക്ഷണിച്ച പ്രവൃത്തി മുഴുവൻ മാറ്റി (സാങ്കേതികമായി ഒരേ ഇനങ്ങളാണ് നടപ്പാക്കിയതെങ്കിൽപ്പോലും) പുതിയ പ്രവൃത്തി ചെയ്യുന്നതിന് കാരണമായത്.
ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 17 തീ 20/11/20 ക്ക് മറുപടി നല്കിയിട്ടില്ല.

# 1-33 കരാറുകാർക്ക് നല്കാനുള്ള തുക-ബാലൻസ്ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയില്ല.

താഴെ ചേർത്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും Q ബിൽ ആയതിനാൽ തുക കരാറുകാരന് കൈമാറിയില്ല. ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച എന്നതിനാൽ കരാറുകാരന്റെ തുകക്കുള്ള ക്ലെയിംപഞ്ചായത്ത് അംഗീകരിച്ചുവെന്ന് മനസ്സിലാക്കാവുന്നതാണ്. 31/3/2019 വരെയും ഈ ബില്ലുകൾ പണമാക്കി കരാറുകാരന് നല്കിയിട്ടില്ല എന്നതിനാൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 27 പ്രകാരം ഈ തുക പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ "Sundry Creditors" എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തക്ക രീതിയിൽ ബാധ്യതയായി അക്രൂവൽ എൻട്രി രേഖപ്പെടുത്തേണ്ടിയിരുന്നതും (Credit) പ്രവൃത്തിയിൽ ഏതിനമാണോ നിർമിച്ചത്/അറ്റകുറ്റപണി ചെയ്തത് എന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ആസ്തി/Capital work in progress/Maintanance ശീർഷകങ്ങളിൽ Debit ചെയ്യേണ്ടിയിരുന്നതും അത് ബാലൻസ്ഷീറ്റിൽ ആസ്തി ശീർഷകത്തിലോ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലോ ചേർക്കേണ്ടിയിരുന്നതുമായിരുന്നു. ഇപ്രകാരം ചേർക്കാത്തതിനാൽ പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ അപാകതയുള്ളതായി ഓഡിറ്റിൽ പരാമർശിക്കുന്നു. ഇപ്രകാരമുള്ള ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ട് | ബിൽ നമ്പർ | ട്രഷറിയിൽ സമർപ്പിച്ച തീയ്യതി | തുക |
|---|---|---|---|---|
| 1 | 36/19-മൃഗാശുപത്രിയിൽ | 51 | 23/3/2019 | 1,99,652 |

| | | | | |
|---|---|---|---|---|
| | ഓപ്പറേഷൻ റൂം | | | |
| 2 | 193/19-മേലൂർ ഹൈസ്കൂൾ ലിങ്ക് റോഡ് | 53 | 23/3/2019 | 25,000 |
| 3 | 125/19-കുന്നപ്പിള്ളി റോഡ് റീ ടാറിംഗ് | 55 | 23/3/2019 | 3,48,821 |
| 4 | 163/19-കരിയപ്പാറ റോഡ്-മെറ്റലിംഗ് ടാറിംഗ് | 56 | 23/3/2019 | 1,74,679 |
| 5 | 109/19-മുള്ളമ്പാറ കുന്ന് ലിങ്ക് റോഡ് റീ ടാറിംഗ് | 58 | 27/3/2019 | 6,51,983 |
| 6 | 216/19-മണ്ടിക്കുന്ന് വായനശാല റോഡ് നിർമാണം | 59 | 28/3/2019 | 1,85,679 |
| 7 | 31/19- കിഴക്കേ പാറക്കടവ്-ഷെഡ് മെയിന്റനൻസ് | 60 | 28/3/2019 | 1,67,125 |
| 8 | 214/19-എൽ പി സ്കൂൾ ടോയ്‌ലെറ്റ് ബ്ലോക്ക് | 61 | 28/3/2019 | 51,826 |
| 9 | 215/19-ജെ വി എൽ പി സ്കൂൾ ടോയ്‌ലെറ്റ് ബ്ലോക്ക് | 62 | 28/3/2019 | 99,268 |
| 10 | 185/19-കുന്നപ്പിള്ളി പുഷ്പഗിരി റോഡ് മെയിന്റനൻസ് | 63 | 30/3/2019 | 48,000 |
| 11 | 126/19-പാലാട്ടികുണ്ട്-പീച്ചംപ്പിള്ളികണ്ട് കനാൽ ബണ്ട് റോഡ് | 64 | 30/3/2019 | 98,520 |

ഓഡിറ്റ് എൻക്വയറി 17 തീ 20/11/20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ കോൺട്രാക്റ്ററുടെ സ്വന്തം മണ്ണ് ഉപയോഗിച്ചു-5728 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് 174/19 – അംബേദ്കർ റോഡ് ഫോർമേഷൻ

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

| ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയ്യതി | തുക | കരാറുകാരൻ |
|---|---|---|---|
| 14 | 13/11/18 | 232000 | ശ്രീ.എം.ടി ഡേവീസ് |
| ചെക്ക് 2381818 | 15/1/2019 | 35773 | |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 2 ആയി 22.50 $m^3$ മണ്ണെടുക്കൽ പ്രവൃത്തിയും ഇനം 6 ആയി 120$m^3$ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള മണ്ണ് നിറക്കൽ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ പ്രകാരം മണ്ണിട്ടുയർത്തുന്ന സ്ഥലത്തിനോട് ചേർന്ന് കരിങ്കൽ കെട്ട് പണിയുന്നതിനാണ് മണ്ണെടുക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത് കുഴിച്ചെടുക്കുന്ന മണ്ണ് മുകളിൽ ഇട്ടാൽ മണ്ണിട്ട് നിറക്കുന്ന ഭാഗത്ത് അത്രയും കുറവ് മണ്ണ് ഉപയോഗിച്ചാൽ മതി. എന്നാൽ കുഴിച്ചെടുത്ത മണ്ണ് ഈ പ്രവൃത്തിയിലെവിടെയെങ്കിലും അല്ലെങ്കിൽ ഇനം 6 ആയ മണ്ണ് നിറക്കൽ പ്രവൃത്തിക്കോ അല്ലെങ്കിൽ വേറെ പ്രവൃത്തിക്കോ ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. മാത്രമല്ല ഇനം 6 ആയി നിർവ്വഹിച്ച മണ്ണ് നിറക്കൽ പ്രവൃത്തി പൂർണമായും കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നിർവ്വഹിച്ചുവെന്നും കാണുന്നു. കുഴിച്ചെടുത്ത 22.50$m^3$ മണ്ണ് ഉപയോഗിച്ചിരുന്നെങ്കിൽ ഇനം 6 ആയുള്ള മണ്ണ് നിറക്കൽ പ്രവൃത്തിക്ക് 97.50 $m^3$(120$m^3$ -22.50$m^3$) ന് മാത്രം തുക കരാറുകാരന് അനുവദിച്ചാൽ മതിയായിരുന്നു. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാഞ്ഞതിനാൽ പഞ്ചായത്തിന് 5728.50 രൂപ നഷ്ടം ഉള്ളതായി ഓഡിറ്റിൽ കണക്കാക്കുന്നു. കുഴിച്ചെടുക്കുന്ന മണ്ണ് മണ്ണിട്ട് നികത്തലിന് ഉപയോഗിക്കുന്നതിന് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടില്ല. പ്രവൃത്തിക്ക് ശേഷം തുക അനുവദിക്കുന്നതിന് മുമ്പ് കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. (അളവ് പുസ്തകം, പ്ലാൻ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റ് തെളിവായി സൂക്ഷിച്ചിട്ടുണ്ട് ) തുക അനുവദിച്ചത് : ശ്രീമതി സുന യു എം അസിസ്റ്റന്റ് എഞ്ചിനീയർ

വിശദാംശങ്ങൾ താഴെ:

എ)ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ (പ്രസക്തമായ ഇനങ്ങൾ മാത്രം)

| ക്രമ നം. | എസ്റ്റിമേറ്റ് ഇനം നമ്പർ | DSR/KPWD OD ഇനം നമ്പർ | ഇനം | അളവ് പുസ്തകം നമ്പർ, പേജ് | ചെയ്ത അളവ് | നിരക്ക് | നല്കിയ തുക |
|---|---|---|---|---|---|---|---|
| 1. | 2 | 2.8.1 | Earth work in excavation by | 4/18-19 5,11,12 | 22.50 $m^3$ | 228.38/$m^3$ | 5138.55 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | mechanical means (Hydraulic excavator) / manual means in foundation trenches or drains (not exceeding 1.5 m in width or 10 sqm on plan), including dressing of sides and ramming of bottoms, lift upto 1.5 m, including getting out the excavated soil and disposal of surplus excavated soil as directed, within a lead of 50<br>All kinds of soil. | | | | |
| 2. | 6 | 50.2.26.1 | Filling with contractor own earth (Excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by | 4/18-19<br>1,2,14 | 120 $m^3$ | 273.47/$m^3$ | 32816.4 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ramming and watering lead upto 50 m and lift upto 1.5 asper direction of site Engineer in charge | | | | |

ബി) കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള മണ്ണിട്ടു നികത്തലിന്റെ വിശദമായ ഡാറ്റ ചുവടെ ചേർക്കുന്നു.

50.2.26.1 Filling with contractor own earth (Excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering lead upto 50 m and lift upto 1.5 asper direction of site Engineer in charge.

| code | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0979 | Royalty for Good earth | cum | 1.0 | 30.00 | 30.00 |
| 2241 | Carriage for Good earth | cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.01 | 407.00 | 4.07 |
| 0115 | Coolie | Day | 0.01 | 368.00 | 3.68 |
| 0101 | Bhisti | Day | 0.01 | 407.00 | 4.07 |
| | | | | Total | 171.53 |
| | | Add watercharge @1% | | | 1.72 |
| | | Total | | | 173.25 |
| | | Add CPOH @15% | | | 25.99 |
| | | Cost of 1.0 Cum | | | 199.24 |
| | | Say | | | 199.25 |
| | | Cost index 37.25% | | | 74.22 |
| | | Total with Cost index | | | 273.47 |

മണ്ണിന്റെ റോയൽറ്റി, കൊണ്ടുവരുന്നതിനുള്ള കടത്ത്കൂലി =30+129.71= 159.71

Add watercharge 1% = 1.60

Total = 161.31

CPOH @15 % = 24.19

Total =185.50

Cost index 37.25% = 69.10

Total = 254.60

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് = 22.50 $m^3$

മണ്ണിന്റെ നിരക്ക് കണക്കാക്കിയത് = 254.60/$m^3$

കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നെങ്കിൽ കുറവ് ചെയ്യാമായിരുന്ന തുക = 254.60 x 22.50 = 5728.50
കൂടുതലായി അനുവദിച്ച 5728.50 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നോ തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17 തീയ്യതി 20/11/20, മറുപടി ലഭ്യമാക്കിയിട്ടില്ല.)

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/19(40) | 13.08.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | 2018-19 | 200000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | 2018-19 | 212500 | നെൽകൃഷിവികസനം | 171003 | 41497 |
| | 2018-19 | 250000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി | 175997 | 74003 |
| | 2018-19 | 300000 | വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ | 300000 | 0 |
| | 2018-19 | 1635750 | ലൈഫ് മിഷൻ (ജനറൽ) | 1420600 | 215150 |
| | 2018-19 | 1066140 | ലൈഫ് മിഷൻ(പട്ടികജാതി) | 819400 | 246740 |
| | 2018-19 | 100000 | ആശ്രയ ഭവന പദ്ധതി (ജനറൽ) | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 500000 | മുക്കിനിച്ചിറ പാർശ്വഭിത്തി സംരക്ഷണം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 570000 | വിവിധ കുളങ്ങളുടെ നവീകരണം | 557344 | 12656 |
| | 2018-19 | 250000 | അങ്കണവാടി പോഷകാഹാരം | 250000 | 0 |
| | 2018-19 | 200000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 198431 | 1569 |
| | 2018-19 | 200000 | വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ | 0 | 200000 |
| | 2018-19 | 100000 | വൃദ്ധരുടെ ക്ഷേമം | 99489 | 511 |
| | 2018-19 | 365309 | ലൈഫ് മിഷൻ (ജനറൽ) | 300000 | 65309 |
| | 2018-19 | 45000 | സി സി ടി വി ക്യാമറ സ്ഥാപിക്കൽ | 0 | 45000 |
| | 2018-19 | 70000 | ആശ്രയ ഭവന പദ്ധതി(ജനറൽ) | 0 | 70000 |
| | 2018-19 | 700000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി | 700000 | 0 |
| | 2018-19 | 150000 | പാലിയേറ്റീവ് കെയർ | 150000 | 0 |
| | 2018-19 | 500000 | പാലാട്ടിക്കുണ്ട് കനാൽ ബണ്ട് റോഡ് | 500000 | 0 |
| | 2018-19 | 1200000 | കലവറക്കടവ് ചെക്ക് ഡാം | 1200000 | 0 |
| | 2018-19 | 500000 | മണ്ടിക്കുന്ന് റോഡ് റീടാറിംഗ് | 500000 | 0 |
| | 2018-19 | 500000 | മണ്ടിക്കുന്ന് എൽ ഐ | 500000 | 0 |
| | 2018-19 | 500000 | ചൂണ്ടാണിക്കടവ് എൽ ഐ | 500000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | എട്ടാം വാർഡിൽ | 21801045/1- | 1000 | 1000 | 0 |

| | | | | | |
|---|---|---|---|---|---|
| | പുതിയതായി നിർമ്മിച്ച പി എച്ച് സി സബ്സെന്റർ വൈദ്യുതീകരണം | 3-2019 | | | |
| KSEB | പത്താം വാർഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റലിന് വേണ്ടി അടച്ചത് | 21801047/1-3-2019 | 12124 | 12124 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും തന്നെ നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പാ പദ്ധതി | എസ് സി സി മേല്പൂർ 2184/10/02/07/10 | | 1467168 | 638000 | | 829168 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2707251 |
| തൻവർഷം നിക്ഷേപിച്ച തുക | 98752 |
| ആകെ | 2806003 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2806003 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 12 | 2003-04 | | വിഭവ ഭൂപടം-തുക സ്വന്തമായി ചെക്കെഴുതി പണം പിൻവലിച്ചു. | തടസ്സം ഒഴിവാക്കുന്നതിന് നിയമസഭാസമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 1999-2000 | 13 | 2003-04 | | കുട നിർമാണ യൂണിറ്റ് (വനിത)കൺവീനർക്ക് അഡ്വാൻസ് നൽകിയതിന്റെ രേഖകളില്ല | തടസ്സം ഒഴിവാക്കുന്നതിന് നിയമസഭാസമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 1999-2000 | 17 | 2003-04 | | വ്യവസായ പരിശീലന കേന്ദ്രം സാമഗ്രികൾ വാങ്ങി പണി നടന്നില്ല. | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശ പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടുണ്ട്. |
| 1999-2000 | 18 | 2003-04 | | കൺവീനർക്ക് അധികം നൽകിയ 3829/ രൂപാ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | തുക അടവാക്കിയിട്ടുണ്ട്. |
| 2001-02 | | 2005-06 | 2.46.1 | മണൽ പെർമിറ്റ് വിതരണത്തിൽ ധനാപഹരണം | ബഹു. ഓംബുഡ്സ്മാൻ വിധി പ്രകാരം പൈസ അടവാക്കി |
| 2002-03 | | 2009-10 | 2.8 | തെരുവ് വിളക്ക് സംബന്ധിച്ച പ്രവൃത്തികൾ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല | ഫണ്ട് ലഭിക്കുവാൻ വൈകിയതിനാലാണ് തുക ചെലവഴിക്കാൻ കഴിയാതെ വന്നത്. |
| | | 2013-14 | 6.13 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു. | മറ്റ് ഫണ്ടുകൾലഭ്യമല്ലാതിരുന്നതിനാൽ കാലവർഷക്കെടുതി മൂലം നാശം സംഭവിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ചത്. |
| | | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമാണത്തിൽ മാത്രമൊതുങ്ങുന്നു. | ബ്ലോക്ക് പഞ്ചായത്തിൻ കീഴിലുള്ള കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2014-15 | | 2016-17 | 2.3 | തൊഴിൽ നികുതി | കുറവ് വന്ന തുക ഈടാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ-കുറവ് നികുതി ഈടാക്കി | |
| 2014-15 | | 2016-17 | 2-4 | തൊഴിൽ നികുതി ഈടാക്കിയില്ല | തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72128748 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67896262 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5728/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1021878/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5728 | സുന.യു.എം, അസി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 133278/- | ലീന.പി.ജോസഫ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-29 | 885148/- | ,, ,, |
| 1-30 | 3452/- | സുന.യു.എം, അസി എൻജിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുന .യു.എം | അസി.എഞ്ചിനീയർ, പരിയാരം ഗ്രാമപഞ്ചായത്ത് | സുന.യു.എം, വട്ടപ്പറമ്പിൽ വീട്, കൊന്നക്കുഴി .പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 |
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 |
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 |
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)21/16/ 18.1.16/4.3.16 |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1048/16/01.07.16 |

| | |
|---|---|
| 2015-16 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/2196/ 2016/7-1-2017 |
| 2016-17 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1482/ 17 തീയതി 27.11.17/13.12.17 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)883/19 തീയതി:21.06.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.